(സി) ഈ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇതിനോടകം എത്ര പ്രോജക്ടുകൾക്ക് ഈ ഫണ്ടിൽ നിന്നും ധനസഹായം നൽകുവാൻ അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെ എന്നും ഓരോന്നിനും എത്ര രൂപ വീതം ധനസഹായം നൽകി എന്നും വ്യക്തമാക്കുമോ;

(ഇ) കിൻഫ്രായുടെ ഏതെങ്കിലും സ്കീമിന് അനുമതി നൽകിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ജി) ഈ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും ഹൈക്കോടതി നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് ആദായ വിഹിതം നൽകുന്നതിനും നിക്ഷേപത്തുക തിരിച്ച് നൽകുന്നതിനുമുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഐ) ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ നിന്നും ഇതിനാവശ്യമായ തുക ലഭിക്കുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) 507.06 കോടി രൂപ പിരിഞ്ഞുകിട്ടി.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ഇതുവരെ അനുമതി നൽകിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഏതൊക്കെ ഏജൻസികളുടെ സ്കീമിന് അനുമതി നൽകണമെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ജി) ഹൈക്കോടതി നിർദ്ദേശങ്ങൾ ഒന്നും നിലവിലില്ല.

(എച്ച്) ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് ആദായ വിഹിതം നൽകുവാൻ വ്യവസ്ഥയില്ല. എന്നാൽ 13.25% നിരക്കിൽ അർദ്ധ വാർഷിക പലിശ നൽകുവാൻ വ്യവസ്ഥയുണ്ട്. നിക്ഷേപത്തുക നിലവിലുള്ള നിബന്ധന പ്രകാരം 7 വർഷത്തിനുശേഷമാണ് തിരിച്ചുനൽകുന്നത്. നിക്ഷേപകർ ആവശ്യപ്പെടുന്നപക്ഷം നിക്ഷേപിച്ച് 5 വർഷമാകുന്ന മുറയ്ക്ക് തുക തിരിച്ച് നൽകുവാനും വ്യവസ്ഥയുണ്ട്.

(ഐ) ഉണ്ട്.

15 (325) സംസ്ഥാനത്തിന്റെ കടബാദ്ധ്യത

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1997 മാർച്ച് 31, 1998 മാർച്ച് 31, 1999 മാർച്ച് 31, 1999 ഡിസംബർ 31 എന്നീ തീയതികളിലെ ഗവൺമെന്റിന്റെ കടബാദ്ധ്യത എത്ര വീതമായിരുന്നു;

(സി) കടബാദ്ധ്യത ഓരോ വർഷവും വർദ്ധിക്കുകയുണ്ടായോ; എങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) 10113.54 കോടി രൂപ (1996 ഏപ്രിൽ 1 ന്)

(ബി)

തീയതി	കടബാദ്ധ്യത (കോടി രൂപ)
1997 മാർച്ച് 31	11420.91
1998 മാർച്ച് 31	12868.14
1999 മാർച്ച് 31	15700.28
1999 ഡിസംബർ 31	അവസാന കണക്കുകൾ ലഭിച്ചിട്ടില്ല.

(സി) വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം അപര്യാപ്തമായതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്കും മൂലധന നിക്ഷേപങ്ങൾക്കും വേണ്ടി വായ്പയെടുക്കേണ്ടി വരുന്നതാണ് പ്രധാനകാരണം എന്നിരുന്നാലും കടബാദ്ധ്യതയുടെ വളർച്ചാ നിരക്ക് മുൻ കാലങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ ശതമാനക്കണക്കിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടില്ല.

16 (326) ഗവൺമെന്റിന്റെ കടബാദ്ധ്യത

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98 എന്നീ വർഷങ്ങളിൽ ഓരോന്നിലും ഗവൺമെന്റിന്റെ കടം എത്ര വീതമായിരുന്നു;

(ബി) ഈ ഓരോ വർഷവും ഗവൺമെന്റ് എടുത്തിട്ടുള്ള വായ്പ എത്ര വീതമായിരുന്നു;

(സി) ഈ ഓരോ വർഷവും പബ്ലിക് അക്കൗണ്ടിലുള്ള തുക എത്ര വീതമായിരുന്നു;

(ഡി) ഈ ഓരോ വർഷവും പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക ഉൾപ്പെടെയുള്ള കടം എത്രയായിരുന്നു;

(ഇ) പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക ഉൾപ്പെടെ ഈ ഓരോ വർഷവും ഉണ്ടായ ആളോഹരി കടം എത്രയായിരുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)

വർഷം	കടം (കോടി രൂപ)
1995-96	10113.54
1996-97	11420.91
1997-98	12868.14

(ബി) വർഷം വായ്പ (കോടി രൂപ)

LIBRARY ARCHIVES Kerala Legislative Assembly